

# ഇസ്‌ലാമിക കലണ്ടർ
# കണക്കും കാഴ്ചയും







**ഹിജ്റ കലണ്ടർ 1429**

# ഹിജ്റ കലണ്ടർ

## التقويم الهجرى

| 2008 NOVEMBER DECEMBER | 1429 DUL HAJJ – ദുൽഹജ്ജ് ١٤٢٩ ذوالحجة | | | | | 2008 നവംബർ ഡിസംബർ |
|---|---|---|---|---|---|---|
| الأحد SUN | الإثنين MON | الثلاثاء TUE | الأربعاء WED | الخميس THU | الجمعة FRI | السبت SAT |
| NEW MOON 27.12.08 12.23 hrs. (UNIVERSAL TIME) | | | | NEW MOON 27.11.08 16.55 hrs. (UNIVERSAL TIME) | 1 28.11.08 | 2 29.11.08 |
| 3 30.11.08 | 4 01.12.08 | 5 02.12.08 | 6 03.12.08 | 7 04.12.08 | 8 05.12.08 First Quarter (21.26 hrs UT) | 9 06.12.08 |
| 10 07.12.08 | 11 08.12.08 | 12 09.12.08 | 13 10.12.08 | 14 11.12.08 | 15 12.12.08 Full Moon (16.37 hrs UT) ○ | 16 13.12.08 |
| 17 14.12.08 | 18 15.12.08 | 19 16.12.08 | 20 17.12.08 | 21 18.12.08 | 22 19.12.08 Last Quarter (10.29 hrs UT) | 23 20.12.08 |
| 24 21.12.08 | 25 22.12.08 | 26 23.12.08 | 27 24.12.08 | 28 25.12.08 | 29 26.12.08 | 30 27.12.08 ● |



വിശുദ്ധ ഖുർആനിലെ 2:189, 10:5, 36:39, 55:5 വചനങ്ങളുടെയും നൂതന ശാസ്ത്ര വിജ്ഞാനങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ കലണ്ടർ. നബി(സ) പഠിപ്പിച്ച ഒരു മാസം എന്നത്, ഒരു ന്യൂമൂൺ മുതൽ അടുത്ത ന്യൂമൂൺ വരെയുള്ള 29, 30 ദിവസങ്ങൾ വരുന്നതാണ്. ന്യൂമൂൺ സംഭവിക്കുന്ന ദിവസം മാസത്തിന്റെ അവസാന ദിവസവും അടുത്ത ദിവസം പുതിയ മാസത്തിന്റെ 1-ാം തീയതി എന്നതുമാണ് ഈ കലണ്ടറിന്റെ തത്വം. ദിവസങ്ങൾ സാധാരണപോലെ അന്താരാഷ്ട്ര ദിനമാറ്റ രേഖയുടെ പടിഞ്ഞാറുഭാഗത്തുനിന്ന് തുടങ്ങുന്നു.



# ആമുഖം

അല്ലാഹു ലോകജനതയ്ക്ക് കാലഗണനയ്ക്കും ഹജ്ജിനും വേണ്ടി നിശ്ചയിച്ചുതന്ന ഇസ്ലാമിക കലണ്ടർ (2:189) ഇന്ന് "ജനങ്ങൾക്കുവേണ്ടി ഉയിർത്തെഴുന്നേൽപ്പിക്കപ്പെട്ട ഉത്തമസമുദായ"ത്തിന്റെ നേതൃത്വത്തിൽ അവഗണിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. 'ശരിയായ ദീൻ' (9:36) എന്ന് ഖുർആൻ വിശേഷിപ്പിച്ച ഇസ്ലാമിന്റെ സുപ്രധാന ചിഹ്നമാണ് ഇസ്ലാമിക കലണ്ടർ അഥവാ ചന്ദ്രമാസകലണ്ടർ. നോമ്പും പെരുന്നാളും ആചരിക്കാൻവേണ്ടി മാത്രമുള്ള ഒരു സംവിധാനമല്ല ഇത്. സകാത്ത് കൊടുക്കേണ്ടതും വിവാഹം നടത്തേണ്ടതും സമ്മേളനങ്ങൾ നടത്തേണ്ടതും ജനനത്തീയതി രേഖപ്പെടുത്തേണ്ടതുമെല്ലാം ഇതേ ശാസ്ത്രീയ-പ്രകൃതി കാലഗണനാ സമ്പ്രദായമനുസരിച്ചാണ്.

തീയതികൾ മുൻകൂട്ടി തീരുമാനിക്കുന്നതിന് കണക്ക് ആവശ്യമാണെന്നും കണക്ക് പഠിക്കുന്നതിനെ ഖുർആനും സുന്നത്തും പ്രോൽസാഹിപ്പിക്കുന്നുണ്ടെന്നും മനസ്സിലാക്കാൻ കഴിയും. കലണ്ടർ പ്രായോഗികമാവണമെങ്കിൽ ഒരു തീയതിയെ പ്രതിനിധാനം ചെയ്യാൻ ഒരു ദിവസമെ പാടുള്ളൂ എന്നത് ഒരു യാഥാർത്ഥ്യമാണ്. കലണ്ടർ പ്രാദേശികമാവാൻ പാടില്ല. ആഗോളമായിരിക്കണം. സ്വാഭാവികമായും പ്രപഞ്ചനാഥൻ നിശ്ചയിച്ചുതരുന്ന കലണ്ടർ ഈ നിബന്ധനകൾ പാലിക്കുന്നതായിരിക്കും. എന്നാൽ മൊത്തം ജനങ്ങൾക്ക് മാതൃകയാവേണ്ട ഇസ്ലാമിക സമൂഹത്തിനുപോലും പോപ്പിന്റെ ഭേദഗതിയോടെ നിലവിൽ വന്ന ഗ്രിഗോറിയൻ കലണ്ടറാണ് പഥ്യം എന്നത് എത്രമാത്രം വൈരുദ്ധ്യമാണ് എന്നതിലുപരി പ്രപഞ്ചനാഥന്റെ നിർദ്ദേശത്തിന്റെ വ്യക്തമായ ലംഘനമാണ്. മുസ്ലിങ്ങൾ ഇസ്ലാമിക കലണ്ടറിനെ ജനങ്ങൾക്ക് മുമ്പിൽ പരിഹാസ്യമാക്കുകയും, വികൃതമാക്കുകയും ചെയ്യുന്ന വർത്തമാനകാല സാഹചര്യത്തിലാണ് എന്താണ് ഇസ്ലാമിക കലണ്ടർ? ഇസ്ലാമിന്റെ അവിഭാജ്യഘടകവും ഗൗരവമുള്ളതുമായ ഈ വിഷയത്തെ ഇസ്ലാമിക സമൂഹം നിസ്സാരമായി കാണുന്നത് ശരിയോ? തുടങ്ങിയ ചർച്ചകൾ ഹ്രസ്വമായും ലളിതമായും എന്നാൽ പ്രമാണങ്ങളുടെ പിൻബലത്തോടെ ഈ ചെറുകൃതിയിൽ അവതരിപ്പിക്കുന്നത്. മനസ്സിലാക്കാനും പഠിക്കാനും ആഗ്രഹിക്കുന്ന ഋജുമാനസർക്ക് ഇത് ഉപകാരപ്പെടുമെന്ന് തന്നെയാണ് പ്രതീക്ഷ. ഈ കൃതിയിൽ അബദ്ധങ്ങളുണ്ടായിട്ടുണ്ടെങ്കിൽ ചൂണ്ടിക്കാട്ടിയാൽ നന്ദിയോടെ പരിഗണിക്കുന്നതാണ്. സർവ്വശക്തനായ അല്ലാഹു ഒരു സ്വാലിഹായ കർമ്മമായി ഇതിനെ സ്വീകരിക്കുമാറാകട്ടെ !

അബ്ദുൽ കരീം പി. പി.

## കലണ്ടർ

കണക്കു കാണിക്കേണ്ട ദിനം എന്നർത്ഥം വരുന്ന കാലന്റേ എന്ന ലാറ്റിൻ പദത്തിൽനിന്നാണ് കലണ്ടറുണ്ടായത്. ഭൂതകാല സംഭവങ്ങൾ എപ്പോഴുണ്ടായിയെന്നറിയുന്നതിനും ഭാവിയിൽ എപ്പോൾ പ്രതീക്ഷിക്കാമെന്ന് മുൻകൂട്ടി ഗ്രഹിക്കുന്നതിനുമുള്ള ഉപാധിയാണ് കലണ്ടർ. കണക്കുകൂട്ടാതെ കലണ്ടറുണ്ടാക്കാനാവില്ല. കണക്കു കൂട്ടുകയാണെങ്കിൽ ശരിയായിട്ടു കൂട്ടണം. തെറ്റായിട്ടു കൂട്ടുമ്പോൾ കിട്ടുന്നത് കണക്കു കാണിക്കാത്ത ദിനമായിരിക്കും. അപ്പോൾ അത് കലണ്ടറാകുകയില്ലെന്നു മാത്രമല്ല വെറും ബ്ലണ്ടറാകുകയും ചെയ്യും.

## തീയതി

തീയതി അഥവാ തിഥിയെന്നതു ചന്ദ്രന്റെ സ്ഥിതി അഥവാ സ്ഥാനം കാണിക്കുന്നു. ചന്ദ്രന്റെ ഒരു ദിവസത്തെ സ്ഥാനമാണ് ഒരു തീയതി. എത്രാമത്തെ ദിവസമെന്നതാണ് തീയതി കൊണ്ടുദ്ദേശിക്കുന്നത്. ചന്ദ്രനു ഒരേ ദിവസം രണ്ടു ദിവസത്തെ സ്ഥാനമോ രണ്ടു ദിവസം ഒരേ ദിവസത്തെ സ്ഥാനമോ ഉണ്ടായിരിക്കുകയില്ല. 24 മണിക്കൂറിനുള്ളിലവസാനിക്കുന്ന ഒരു ദിവസത്തെ കുറിക്കുന്ന സംഖ്യയാണ് തീയതി. 30 തീയതിയുണ്ടെങ്കിൽ 30 ദിവസമുണ്ടായിരിക്കും. തീയതികളേക്കാൾ ദിവസങ്ങൾ കൂടുകയോ ദിവസങ്ങളേക്കാൾ തീയതികൾ കൂടുകയോ ഇല്ല. തീയതിയെന്നത് ദിവസത്തിന്റെ എണ്ണമായതുകൊണ്ട് ഒരേ ദിവസത്തിൽ ഒന്നിലധികം തീയതികളോ ഒരേ തീയതിയിൽ ഒന്നിലധികം ദിവസങ്ങളോ ഉണ്ടായിരിക്കുകയില്ല.



## ദിവസം

ഭൂമി ഭ്രമണത്തിന് (അതിന്റെ അച്ചുതണ്ടിൽ ഒരു പ്രാവശ്യം കറങ്ങുന്നതിന്) എടുക്കുന്ന സമയമാണ് ഒരു ദിവസം.

## ദിവസമാറ്റ രേഖ

തുടങ്ങാത്ത സംഗതി ഒരിക്കലും അവസാനിക്കുകയില്ല. ദിവസത്തിനു തുടക്കമുള്ളതുകൊണ്ടാണ് അതവസാനിക്കുന്നത്. ഇന്നലെയ്ക്ക് തുടക്കമില്ലെങ്കിൽ ഇന്നിലതവസാനിക്കില്ല. ഭൂമി ഗോളമായതിനാൽ എല്ലായിടത്തും ഒരേ സമയം ദിവസം തുടങ്ങുകയില്ല. ആദ്യം ദിവസം തുടങ്ങിയിടത്ത് ആദ്യം ദിവസം അവസാനിക്കുകയും ചെയ്യും. ഭൂമി ഗോളമായതുകൊണ്ടു തന്നെ ആദ്യം ദിവസം തുടങ്ങുന്ന സ്ഥലവും അവസാനം ആ ദിവസം എത്തിച്ചേരുന്ന സ്ഥലവും തമ്മിലുള്ള വ്യത്യാസം ഒരു രേഖമാത്രമായിരിക്കും. ഈ രേഖയ്ക്കിരുവശത്തും 24 മണിക്കൂർ വ്യത്യാസമുള്ളതുകൊണ്ട് ദിവസം മാറുന്നു. ദിവസം മാറുമ്പോൾ തീയതിയും മാറുന്നു. ഉരുണ്ട ഭൂമിയിൽ ഒരു സ്ഥലത്ത് ദിവസം അവസാനിക്കുമ്പോൾ മറ്റൊരു സ്ഥലത്ത് അത് ആരംഭിക്കുകയും അവയ്ക്കിടയിലുള്ള വ്യത്യാസം ഒരു രേഖ മാത്രമായിരിക്കുകയും ചെയ്യുകയെന്നത് അനിവാര്യതയാണ്. ഈ രേഖ മുറിച്ചു കടന്നാൽ ദിവസം മാറുന്നതുകൊണ്ട് തീയതിയും മാറുന്നുവെന്നുള്ളതും ഭൂമിയിലെ ഒരു യാഥാർത്ഥ്യമാണ്. അതിനാൽ ഈ രേഖ ദിവസമാറ്റരേഖ അഥവാ ഡേറ്റ് ലൈൻ എന്നറിയപ്പെടുന്നു.

## ഇസ്ലാം

ഇസ്ലാം സത്യമാണ്. അതുകൊണ്ടുതന്നെ അസത്യം ഇസ്ലാമാവുകയില്ല. സത്യവും അസത്യവും വേർതിരിക്കുന്നതിനുള്ള മാനദണ്ഡം (ഫുർഖാൻ) അല്ലാഹുവിന്റെ വചനം അഥവാ ഖുർആനാണ്.

"അല്ലാഹുവിന്റെ വചനങ്ങൾക്ക് മാറ്റം വരുത്തുന്നവനില്ല." (ഖുർആൻ 6:34)

"സത്യം നിന്റെ റബ്ബിൽ നിന്നുള്ളതുതന്നെ. അതേപ്പറ്റി സംശയമേ വേണ്ട." (ഖുർആൻ 2:147)

"ആകാശഭൂമികളും അവയ്ക്കിടയിലുള്ളവയും നാം വെറുതെ സൃഷ്ടിച്ചിട്ടില്ല. അവിശ്വസിച്ചവരുടെ വിചാരമാണത്. അതിനാൽ സത്യം നിഷേധിച്ചവർക്ക് നരകമാകുന്ന നാശം." (ഖുർആൻ 38:27)

"അല്ലാഹുവിന്റെ പേരിൽ കള്ളം പറയുകയും സത്യം വന്നു കിട്ടിയിട്ട് അത് തള്ളിക്കളയുകയും ചെയ്തവനേക്കാൾ കടുത്ത അക്രമി വേറെ ആരുണ്ട്? നരകത്തിലല്ലയോ നിഷേധികളുടെ പാർപ്പിടം? സത്യം വന്നു കിട്ടിയിട്ട് അത് അംഗീകരിച്ചവരാണ് മുത്തഖികൾ." (ഖുർആൻ 39:32)

## ഇസ്ലാമിക കലണ്ടർ

"അല്ലാഹു ആകാശഭൂമികളെ സൃഷ്ടിച്ച നാൾതൊട്ട് മാസങ്ങളുടെ എണ്ണം അവന്റെ ഗ്രന്ഥത്തിൽ പന്ത്രണ്ടാകുന്നു. അവയിൽ നാലെണ്ണം പവിത്രം. ഇതാണ് ശരിയായ ദീൻ" (ഖുർആൻ 9:36) "പവിത്രമാസത്തിൽ മാറ്റം വരുത്തൽ (നസീഅ്) നിഷേധത്തിലുള്ള (കുഫ്ർ) വർധന മാത്രമാണ്. നിഷേധികൾ അതിലൂടെ കൂടുതൽ വഴി തെറ്റിക്കപ്പെടുന്നു. അല്ലാഹു പവിത്രമാക്കിയവയുടെ എണ്ണമൊപ്പിക്കാൻ ഒരു കൊല്ലം അതവർ അനുവദനീയമാക്കുകയും ഒരു കൊല്ലം അതവർ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അതുവഴി അല്ലാഹു നിരോധിച്ചതിനെ അവർ അനുവദനീയമാക്കുന്നു. സ്വന്തം അപകൃത്യങ്ങളെ അവർ സ്വയം അലങ്കാരമാക്കിയിരിക്കുന്നു. നിഷേധികളായ ജനതയ്ക്ക് അല്ലാഹു നേർവഴി കാട്ടിക്കൊടുക്കുകയില്ല." (9:37)

"ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളെക്കുറിച്ച് അവർ നിന്നോടു ചോദിക്കുന്നു. പറയുക : മനുഷ്യർക്ക് കാലഗണനയ്ക്കും ഹജ്ജിനും വേണ്ടിയാണവ." (ഖുർആൻ 2:189)

(ചന്ദ്രന്റെ) വയസ്സുകളുടെ എണ്ണം അഥവാ തീയതിയും കണക്കും മനസ്സിലാക്കുന്നതിനുവേണ്ടി അവൻ താവളങ്ങൾ (മൻസിലുകൾ) നിശ്ചയിച്ചു. സത്യാത്മകമായിട്ടല്ലാതെ അല്ലാഹു അത് സൃഷ്ടിച്ചിട്ടില്ല. മനസ്സിലാക്കുന്നവർക്കുവേണ്ടി അവൻ തെളിവുകൾ (ആയത്തുകൾ) വിവരിക്കുന്നു. രാപകലുകൾ മാറികൊണ്ടിരിക്കുന്നതിലും ആകാശ ഭൂമികളിൽ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളവയിലും, അല്ലാഹുവിനെ ഭയന്നു സൂക്ഷ്മത പാലിക്കുന്ന ജനത്തിന് (തഖ്വയുള്ളവർക്ക്) പാഠങ്ങളുണ്ട് (10: 5,6)



മനുഷ്യർക്കു മാർഗ്ഗദർശനമായും, സത്യാസത്യങ്ങളെ വിവേചിക്കുന്നതും സന്മാർഗ്ഗം കാണിച്ചുതരുന്നതുമായ സുവ്യക്ത നിർദ്ദേശങ്ങളായും ഖുർആൻ അവതരിച്ച മാസമാകുന്നു റമദാൻ. അതിനാൽ ആ മാസത്തിന് സാക്ഷികളാകുന്നവർ ആ മാസം മുഴുവൻ നോമ്പനുഷ്ഠിക്കേണ്ടതാണ്." (2:185)

ഹജ്ജത്തുൽ വിദാഇലെ പ്രസംഗത്തിൽ പ്രവാചകൻ (സ) പറഞ്ഞു. നിശ്ചയമായും കാലം, ആകാശഭൂമികളെ സൃഷ്ടിച്ച ദിവസത്തെപ്പോലെ തിരിഞ്ഞുവന്നിരിക്കുന്നു. ഒരു കൊല്ലം പന്ത്രണ്ടു മാസം. അതിൽ നാലെണ്ണം ഹറാമായവ (അലംഘനീയമായ പവിത്രമാസങ്ങൾ) മൂന്നെണ്ണം തുടർച്ചയായുള്ളവയാണ്. അതായത് ദുൽഖഅ്ദഃ, ദുൽഹിജ്ജഃ, മുഹർറം എന്നിവ. (നാലാമത്തേത്) ജുമാദയുടേയും ശഅ്ബാന്റെയും ഇടയിലുള്ള, മുദ്വർ ഗോത്രത്തിന്റെ റജബും. (അ:ബു: മു:)

മേൽവചനങ്ങൾ വ്യക്തമാക്കുന്നത് ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളേയും രാശികളേയും പരിഗണിച്ചുകൊണ്ടുള്ള, മുഹർറത്തിൽ തുടങ്ങി ദിൽഹിജ്ജയിൽ അവസാനിക്കുന്ന 12 മാസങ്ങളാണ് കലണ്ടറിനു പരിഗണിക്കേണ്ടതെന്നാണ്.

## പ്രശ്നങ്ങൾ

*1. ഇസ്ലാമിക കലണ്ടറിലെ തീയതി ലോകത്ത് പല ദിവസങ്ങളിൽ വരുമോ? (ഉദാ: 01-09-1429 എന്ന തീയതി ഞായർ, തിങ്കൾ, ചൊവ്വ എന്നീ ദിവസങ്ങളിൽ വരുമോ?)*

ഇസ്ലാം സത്യമായതുകൊണ്ട് കണക്കുകൂട്ടുമ്പോഴും സത്യസന്ധത പാലിക്കേണ്ടതുണ്ട്. തീയതിയെന്നത് ദിവസത്തിന്റെ എണ്ണമായതുകൊണ്ടും സത്യമേ ഇസ്ലാമാകൂ എന്നതുകൊണ്ടും ഒരു

ദിവസത്തെ മൂന്നു ദിവസമായി എണ്ണുന്നതും മൂന്നു ദിവസത്തെ ഒരു ദിവസമായി എണ്ണുന്നതും ശരിയല്ല. ഇസ്‌ലാമിന്റെ പേരിൽ ഇങ്ങനെയൊരു ബ്ലണ്ടർ നിലവിലുണ്ട് എന്നതു ശരിയാണ്. ഇബ്‌ലീസിനെ നാം അംഗീകരിക്കുന്നില്ല. പക്ഷെ ഇബ്‌ലീസുണ്ടെന്നുള്ളതു നാം അംഗീകരിക്കണമല്ലോ?

ദിവസം മാറാതെ തീയതി മാറ്റുമ്പോഴും ദിവസം മാറിയാലും തീയതി മാറ്റാതിരിക്കുമ്പോഴും ദിവസത്തിന്റെ അളവും എണ്ണവും തെറ്റും. ഇതു കാലഗണന അപ്രായോഗികമാക്കും.

"അപ്രകാരം ജനങ്ങളുടെ മേൽ സാക്ഷികളായിരിക്കാൻ നിങ്ങളെ നാം ഒരു മദ്ധ്യമസമുദായമാക്കി." (ഖുർആൻ 2:143)

"മനുഷ്യർക്കായി നിയുക്തമായ ഉത്തമസമുദായമാണ് നിങ്ങൾ." (3:110)

മേൽ ഖുർആൻ വാക്യങ്ങളനുസരിച്ച് മനുഷ്യർക്കായി നിയുക്തമായ, സകല നന്മകൾക്കും സാക്ഷിയായി വർത്തിക്കേണ്ട ഉത്തമ സമുദായത്തിന്റെ മുഴുവൻ സാക്ഷ്യങ്ങളും സത്യവും പ്രായോഗികവുമായിരിക്കേണ്ടതാണ്.

ഇസ്‌ലാം സത്യവും സമഗ്രവും പ്രായോഗികവുമാണ്; കലണ്ടറൊഴിച്ച്, എന്നു വരുമോ?

മനുഷ്യർക്കായി അല്ലാഹു നൽകിയ കലണ്ടർ (മവാഖീത്തു ലിന്നാസ്) മാത്രം മനുഷ്യരുടെ ദൈനന്ദിനാവശ്യങ്ങൾക്കുപകരിക്കാത്തതും അസത്യവുമാകുകയില്ല.

2. *തീയതിരേഖയ്ക്ക് ശരീഅത്തിൽ അടിസ്ഥാനമുണ്ടോ?*

തീയതി രേഖ ഭൂമിയിലെ ഒരു യാഥാർത്ഥ്യമാണ്. യാഥാർത്ഥ്യങ്ങളെ ശരീഅത്ത് അംഗീകരിക്കുന്നുണ്ട്.

"ആകാശങ്ങളേയും ഭൂമിയേയും സത്യതയോടെ സൃഷ്ടിച്ചത് അവനാണ്. രാവിനെ പകലിന്മേലും പകലിനെ രാവിന്മേലും അവൻ ചുറ്റുന്നു. സൂര്യനേയും ചന്ദ്രനേയും അവൻ കീഴ്പ്പെടുത്തിയിരിക്കുന്നു. ഓരോന്നും നിർണിതസമയം വരെ സഞ്ചരിച്ചുകൊണ്ടിരിക്കും. അറിഞ്ഞിരിക്കുക, അവൻ അജയ്യനാകുന്നു. ഏറെ പൊറുക്കുന്നവനും. (39:5)"



"രാപകൽ വ്യത്യാസത്തിലും ആകാശഭൂമികളിൽ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളവയിലും അല്ലാഹുവിനെ ഭയന്നു സൂക്ഷ്മത പാലിക്കുന്നവർക്ക് തീർച്ചയായും പാഠങ്ങളുണ്ട്. (10:6)"

"ഒടുവിൽ നമ്മെ നേരിടേണ്ടിവരുമെന്ന വിശ്വാസമില്ലാതെ ഇഹലോക ജീവിതത്തിൽ സംതൃപ്തിയും സമാധാനവുമടയുകയും നമ്മുടെ പാഠങ്ങളെ (ആയത്തുകളെ) അവഗണിക്കുകയും ചെയ്തവരുടെ ഒടുക്കം നരകത്തിലാണ്. അവരുടെ സമ്പാദ്യത്തിന്റെ ഫലം! (10:7)"

"കിഴക്കിന്റെയും പടിഞ്ഞാറിന്റെയും അവയ്ക്കിടയിലുള്ളതിന്റെയും റബ്ബാകുന്നു (അവൻ). നിങ്ങൾ ബുദ്ധി ഉപയോഗിക്കുന്നുവെങ്കിൽ (ഖുർആൻ 26:28)"

തീയതിരേഖ കിഴക്കോ പടിഞ്ഞാറോ അല്ല; കിഴക്കിന്റെയും പടിഞ്ഞാറിന്റെയും ഇടയിലാണ്. കിഴക്കോ പടിഞ്ഞാറോ അല്ലാതെ, കിഴക്കിനും പടിഞ്ഞാറിനും ഇടയിലായി തീയതി രേഖ മാത്രമേയുള്ളൂ. കിഴക്കിനേയും പടിഞ്ഞാറിനേയും വേർതിരിക്കുന്നത് ഈ രേഖയാണ്.

പാഠം (തീയതിരേഖ അല്ലാഹുവിന്റെ ആയത്താണ്) പഠിക്കാതെ വിവരക്കേടിൽ നിലനിൽക്കുന്നതിനാണ് ശരീഅത്തിൽ അടിസ്ഥാനമില്ലാത്തത്.

"നീ അജ്ഞതയിൽ നിലനിൽക്കരുത്. നിശ്ചയം കണ്ണും കാതും ബുദ്ധിയുമെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്." (17:36)

കിഴക്കിന്റെയും പടിഞ്ഞാറിന്റെയും അവയ്ക്കിടയിലുള്ളതിന്റെയും റബ്ബ് ബുദ്ധി ഉപയോഗിക്കുന്നവർക്കാണ്. ബുദ്ധി ഉപയോഗിക്കാതിരിക്കുന്നത് മഹത്തായ സംഗതിയായി ഖുർആൻ പരിചയപ്പെടുത്തുന്നില്ല.

"ബുദ്ധി ഉപയോഗിക്കാത്ത ബധിരരും മൂകരുമാണ് അല്ലാഹുവിന്റെയടുക്കൽ നികൃഷ്ട ജീവികൾ (8:22)"

"സത്യം അംഗീകരിക്കാൻ വിസമ്മതിച്ചിട്ട് പിന്നീടൊരിക്കലും അത് സ്വീകരിക്കാൻ തയ്യാറാവാത്തവരാണ് അല്ലാഹുവിന്റെയടുക്കൽ നികൃഷ്ടജീവികൾ." (8:55)

*3. ഉദയവ്യത്യാസം പരിഗണിക്കേണ്ടതില്ലേ?*

24 മണിക്കൂർ രണ്ടു ദിവസമാകുകയോ 48 മണിക്കൂർ ഒരു ദിവസമാകുകയോ ഇല്ല. തീയതി ദിവസത്തിന്റെ എണ്ണമായതുകൊണ്ട് ദിവസം മാറാതെ തീയതി മാറ്റുന്നത് 24 മണിക്കൂറിനെ രണ്ടു ദിവസമായി എണ്ണുന്നതുപോലെയാണ്. അതുപോലെ ദിവസം മാറിയാലും തീയതി മാറ്റാതിരിക്കുന്നത് 48 മണിക്കൂറിനെ ഒരു ദിവസമായി കണക്കാക്കുന്നതുപോലെയാണ്. ഇസ്‌ലാമിന്റെ പേരിൽ വിവരക്കേട് നിലനിൽക്കുന്നുണ്ടെങ്കിലും വിവരക്കേടിൽ നിലനിൽക്കാൻ ഇസ്‌ലാം ആവശ്യപ്പെടുന്നില്ല.

അബൂഉമൈറിൽനിന്നു നിവേദനം : ഒരൊട്ടകസംഘം നബി(സ)യുടെ അടുത്തുവന്നിട്ട് ഇന്നലെ ഞങ്ങൾ നവചന്ദ്രനെ കണ്ടുവെന്നു പറഞ്ഞു. അപ്പോൾ നോമ്പുമുറിക്കുവാൻ നബി(സ) ജനങ്ങളോട് കല്പിച്ചു. അടുത്തദിവസം പ്രഭാതത്തിൽ നമസ്ക്കാര സ്ഥലത്തേക്കു പുറപ്പെടുവാനും (അഹ്മദ്, അബൂദാവൂദ്, ഇബ്നുമാജ, അന്നസ്സാഈ) ഇബ്നുമാജയുടെ നിവേദനത്തിൽ, "പകലിന്റെ അവസാനമാണ് ഒട്ടകസംഘം വന്നത്" എന്ന് കൂടിയുണ്ട്.

ഈ യാത്രാസംഘം എത്ര ദൂരെനിന്നു വരുന്നുവെന്ന് അന്വേഷിക്കുകയോ ഉദയവ്യത്യാസം പരിഗണിക്കുകയോ ചെയ്യാതെയാണ് പ്രവാചകൻ (സ) നോമ്പുമുറിക്കുവാൻ കൽപ്പിച്ചത്.

ഈ വിഷയത്തിലും പ്രവാചകൻ അൽഅമീനും അസ്വാദിഖും ആയിരുന്നതുകൊണ്ടാണ് ഉദയവ്യത്യാസം പരിഗണിക്കാതിരുന്നത്.

സഊദി അറേബ്യയിൽ റമദാൻ ഒന്ന് വെള്ളിയാഴ്ചയും കേരളത്തിലും കശ്മീരിലും ശനിയാഴ്ചയും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ ഞായറാഴ്ചയും വരുമെങ്കിൽ ഉദയവ്യത്യാസം എന്ന വ്യവസ്ഥകേട് പരിഗണിക്കുന്നവർക്ക് വ്യവസ്ഥകേടിൽപോലും വ്യവസ്ഥയില്ലെന്നതിനേ അത് തെളിവാകുന്നുള്ളു.

സത്യം വിജയിക്കാൻ വ്യവസ്ഥയില്ലാത്തവരുടെ അംഗീകാരം ആവശ്യമില്ല. വിജയം വേണ്ടവർ സത്യം അംഗീകരിക്കുകയാണ് വേണ്ടത്.

പിറവിയുണ്ടെന്ന് അറിഞ്ഞുകൊണ്ടുതന്നെ കണ്ടുവെന്നു ആരും



കള്ളം പറയാത്തതിന്റെ പേരിലായിരുന്നില്ല നബിയും സ്വഹാബത്തും ശവ്വാൽ ഒന്നിന് നോമ്പെടുത്തത്. ശവ്വാൽ ഒന്നാണെന്നറിഞ്ഞയുടനെ ഉദയവ്യത്യാസം പരിഗണിക്കാതെ നോമ്പൊഴിവാക്കുകയും ചെയ്തിട്ടുണ്ട്. സത്യം അംഗീകരിക്കാൻ അസത്യത്തിന്റെ പിൻബലം ആവശ്യമായി പ്രവാചകനും സ്വാഹാബത്തിനും തോന്നിയിട്ടില്ല.

*4. ജനങ്ങൾ നോമ്പെടുക്കുമ്പോഴാണ് നോമ്പ്. ജനങ്ങൾ പെരുന്നാൾ ആഘോഷിക്കുമ്പോഴാണ് പെരുന്നാൾ എന്നു പ്രവാചകൻ (സ) പറഞ്ഞിട്ടില്ലേ?*

അബു ഹുറൈറയിൽനിന്ന് : നബി(സ) പറഞ്ഞു: നോമ്പ് നിങ്ങൾ നോമ്പനുഷ്ഠിക്കുന്ന ദിവസമാണ്. ചെറിയ പെരുന്നാൾ നിങ്ങൾ ചെറിയ പെരുന്നാൾ ആഘോഷിക്കുന്ന ദിവസമാണ്. ബലി പെരുന്നാൾ നിങ്ങൾ ബലി പെരുന്നാൾ ആഘോഷിക്കുന്ന ദിവസമാണ്. (തിർമിദി)

ആഇശയിൽനിന്ന് : നബി(സ) പറഞ്ഞു : ചെറിയ പെരുന്നാൾ ജനങ്ങൾ ചെറിയ പെരുന്നാൾ ആഘോഷിക്കുന്ന ദിവസമാണ്. ബലി പെരുന്നാൾ ജനങ്ങൾ ബലി പെരുന്നാൾ ആഘോഷിക്കുന്ന ദിവസമാണ്. (അബുദാവൂദ്, ഇബ്നുമാജ)

355 ദിവസത്തിൽ ഏതു ദിവസവും നോമ്പും പെരുന്നാളുമാകാം എന്നതിന് ഇത് തെളിവല്ല. ഒരേ ദിവസം ആയിരിക്കണം എന്നതിനേ ഇത് തെളിവാകുന്നുള്ളൂ.

ദിവസം ( يوم ) പരിഗണിക്കാതെ സമയം ( وقت ) പരിഗണിച്ചാൽ വ്യത്യസ്ത ദിവസങ്ങളിൽ നോമ്പും പെരുന്നാളും വരും. ദിവസം പരിഗണിക്കണമെന്നു പറയുമ്പോൾ ദിവസം പരിഗണിച്ച ശേഷമേ സമയം പരിഗണിക്കേണ്ടതുള്ളൂ. അപ്പോൾ ലോകത്തെല്ലായിടത്തും ഒരേ ദിവസം നോമ്പും പെരുന്നാളും വരും. ഒരു മണിക്കൂർ വ്യത്യാസമുള്ളിടത്ത് ഒരു മണിക്കൂർ കഴിഞ്ഞും 23 മണിക്കൂർ വ്യത്യാസമുള്ളിടത്ത് 23 മണിക്കൂർ കഴിഞ്ഞും. 24 മണിക്കൂറിനുള്ളിൽ ലോകത്തെല്ലായിടത്തും ഒരു ദിവസം വന്നുചേരും. 24 മണിക്കൂറിനുശേഷം വരുന്നത് ജനങ്ങൾ പിടിക്കുന്ന ദിവസമല്ല, ജനങ്ങൾ

പിടിക്കുന്ന ദിവസങ്ങളാണ്. ഇത് പ്രവാചക നിർദ്ദേശത്തിനു വിരുദ്ധമാണ്. പ്രവാചകൻ (സ) പറഞ്ഞത് ദിവസങ്ങൾ എന്നല്ല ദിവസം എന്നാണ്.

സഊദിയിലെ ജനങ്ങൾ, കേരളത്തിലെയും കശ്മീരിലെയും ജനങ്ങൾ, ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ ജനങ്ങൾ എന്നിങ്ങനെ ജനങ്ങളെ രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും അടിസ്ഥാനത്തിൽ വിഭജിച്ച് ഭിന്നിപ്പ് തകർക്കാതിരിക്കുന്നതിൽ ഐക്യമുണ്ടാക്കുന്ന രീതി ഇസ്ലാമിന്റെ പേരിൽ നിലനിൽക്കുന്നുണ്ടെങ്കിലും അത് ഇസ്ലാമിലുള്ളതല്ല.

ജനങ്ങൾ ജുമുഅ നമസ്ക്കരിക്കുന്ന ദിവസമാണ് ജുമുഅയെങ്കിലും വ്യാഴാഴ്ചയോ ശനിയാഴ്ചയോ ജനങ്ങൾ ജുമുഅ നമസ്കരിച്ചാൽ ജനങ്ങൾ ജുമുഅ നമസ്ക്കരിച്ചതുകൊണ്ട് വ്യാഴാഴ്ചയും ശനിയാഴ്ചയും വെള്ളിയാഴ്ചയാകുമെന്ന് നാം കരുതാത്തത്, വെള്ളിയും ശനിയും വ്യാഴവും നാം തിരിച്ചറിയുന്നതുകൊണ്ടാണ്. ജനങ്ങൾ ജുമുഅ നമസ്ക്കരിച്ചതുകൊണ്ട് ഏതെങ്കിലും ഒരു ദിവസം വെള്ളിയാഴ്ചയാകുന്നില്ല. വെള്ളിയാഴ്ച ദിവസം ജനങ്ങൾ ജുമുഅ നമസ്ക്കരിക്കുകയാണു വേണ്ടതെന്നു നമുക്കറിയാം. ഇതുപോലെ കാര്യവും കാരണവും തിരിച്ചറിയുന്നവർക്ക്, തീയതി ദിവസത്തിന്റെ എണ്ണമാണെന്നും ജനങ്ങളോ ഖാദിമാരോ തീരുമാനിക്കുന്നതനുസരിച്ച് തീയതി മാറില്ലെന്നും, തീയതി മാറുന്നതനുസരിച്ച് ജനങ്ങളും ഖാദിമാരും മാറുകയാണ് വേണ്ടതെന്നും മനസ്സിലാകും.

ജനങ്ങളും ഖാദിമാരും ജനിക്കുന്നതിനുമുമ്പും ഇവിടെ മാസം മാറിയിരുന്നു എന്നതുതന്നെ മാസം മാറുന്നതിന് അവരുടെ അംഗീകാരം ആവശ്യമില്ലെന്നതിനു തെളിവാണ്.

"ഒരു മുന്നറിയിപ്പുകാരൻ വന്നിരുന്നെങ്കിൽ തങ്ങൾ മറ്റേതൊരു കൂട്ടരേക്കാളും നേർവഴിക്കാരാകുമായിരുന്നുവെന്ന് അല്ലാഹുവിന്റെ പേരിൽ അവർ ആണയിട്ടു പറയുന്നു. എന്നാൽ മുന്നറിയിപ്പുകാരൻ വന്നപ്പോഴാകട്ടെ അവരെയത് സത്യത്തിൽനിന്ന് കൂടുതൽ അകറ്റുകയാണു ചെയ്തത്. നാട്ടിൽ അവർ അഹങ്കരിച്ചുനടക്കുകയും തിന്മയുടെ കുതന്ത്രങ്ങൾ പ്രയോഗിക്കുകയും ചെയ്തു. തിന്മയുടെ



കുതന്ത്രം അത് പ്രയോഗിക്കുന്നവന് എതിരായേ ഭവിക്കൂ. പൂർവ്വികരുടെ കാര്യത്തിൽ കൈക്കൊണ്ട നടപടിയല്ലാതെ മറ്റെന്താണ് അവർക്കിനി കാത്തിരിക്കാനുള്ളത്. *അല്ലാഹുവിന്റെ നടപടിക്രമത്തിൽ ഒരു മാറ്റവും നിനക്കുകാണാൻ കഴിയില്ല. അല്ലാഹുവിന്റെ നടപടിക്രമത്തിൽ ഒരു ഭേദഗതിയുമുണ്ടാകുകയില്ല."* (ഖുർആൻ 35:42,43)

വെള്ളിയാഴ്ച ദിവസം നാം ജുമുഅ നമസ്ക്കരിക്കുന്നതുകൊണ്ടല്ല ആ ദിവസം വെള്ളിയാഴ്ചയാകുന്നത്. മറിച്ച് വെള്ളിയാഴ്ച ദിവസമായതുകൊണ്ട് അന്ന് നാം ജുമുഅ നമസ്ക്കരിക്കുകയാണ് വേണ്ടതെന്ന് നാം മനസ്സിലാക്കുന്നുവെങ്കിൽ അതുപോലെതന്നെ മനസ്സിലാക്കേണ്ട സംഗതിയാണ്, പടച്ച തമ്പുരാന്റെ തീയതികൾ നാം അംഗീകരിക്കണമെന്നതും നമ്മുടെ അംഗീകാരമില്ലെങ്കിലും തീയതികൾ മാറുമെന്നതും.

*5. صوموا لرؤيته وأفطروا لرؤيته എന്ന് പ്രവാചകൻ(സ) പറഞ്ഞത് നവചന്ദ്രനെ നഗ്നനേത്രം കൊണ്ടു കാണണമെന്നതിന് തെളിവല്ലേ?*

എല്ലാ ശഅ്ബാനുകളും 29, എല്ലാ റമദാനുകളും 30 എന്നു കണക്കാക്കിപ്പോന്ന സമൂഹത്തോട് പ്രവാചകൻ (സ) ഇതുപറയുമ്പോൾ അതിനർത്ഥം ശഅ്ബാൻ 29 ഓ, 30 ഓ ആകാം. ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളും (അഹില്ല) താവളങ്ങളും (മനാസിൽ) ആണ് പരിഗണിക്കേണ്ടതെന്നാണ്. കാരണം ഖുർആൻ ധിക്കരിക്കാനല്ല പ്രവാചകൻ (സ) പഠിപ്പിച്ചത്. പ്രവാചകൻ (സ)യുടെ സ്വഭാവം ഖുർആൻ തന്നെയായിരുന്നു.

കാഴ്ച നഗ്നനേത്രം കൊണ്ടു മാത്രമല്ല. ഇബ്രാഹിം നബി (അ) തന്റെ മകനോടു പറഞ്ഞു : "മോനെ, നിന്നെ ബലിയറുക്കണമെന്നാണ് ഞാൻ ഉറക്കത്തിൽ കണ്ടത്. നോക്കൂ നീ എന്തു കാണുന്നു." (37:102) ഇവിടെ ഇബ്രാഹിം (അ) പറയുന്നത് ഇസ്മാഈൽ (അ) തന്റെ കണ്ണുകൊണ്ടു നോക്കുകയും കാണുകയും ചെയ്യണമെന്നല്ല, മറിച്ച് അദ്ദേഹത്തിന്റെ അറിവും ബുദ്ധിയുമുപയോഗിച്ചു കാണണമെന്നാണ്.

നോമ്പ് തുറക്കുന്നതിനും കാണണം എന്നു തന്നെയാണ് പ്രവാചകൻ (സ) പറഞ്ഞത്.

(إذا رأيتم الليل أقبل من ههنا فقد افطر الصا ئم (البخاري )

ഇവിടെനിന്ന് രാവ് ആരംഭിക്കുന്നതു കണ്ടാൽ നോമ്പുകാരന് നോമ്പവസാനിപ്പിക്കാം. (ബുഖാരി)

നോമ്പവസാനിപ്പിക്കാൻ കണക്കുകൊണ്ടുള്ള കാഴ്ച ആകാമെന്നും കണക്കിനു വിരുദ്ധമായ കാഴ്ച സ്വീകാര്യമല്ലെന്നും നാം അംഗീകരിക്കുന്നതിന് തെളിവാണ് എത്ര ഇരുട്ടിയാലും കണക്കനുസരിച്ച് സമയമാകാൻ നോക്കി നിൽക്കുന്നത്. നോമ്പവസാനിപ്പിക്കാൻ രാത്രി വരുന്നത് നഗ്നനേത്രങ്ങൾകൊണ്ടു കാണേണ്ടതില്ലെങ്കിൽ നോമ്പുതുടങ്ങാനും നവചന്ദ്രനെ നഗ്നനേത്രങ്ങൾകൊണ്ടു കാണേണ്ടതില്ല. മാത്രമല്ല കണക്കനുസരിച്ച് പിറവിയുണ്ടെന്നു കണ്ടാൽ അതംഗീകരിക്കുകയാണ് വേണ്ടത്. നോമ്പ് തുടങ്ങാൻ കണക്കു അസ്വീകാര്യവും നോമ്പവസാനിപ്പിക്കാൻ കണക്ക് സ്വീകാര്യവുമാകുന്നത് ഇസ്‌ലാമിന്റെ തകരാറല്ല. ഇസ്‌ലാമിന്റെ പേരിൽ നിലനിൽക്കുന്ന തകരാറാണ്. ഈ വിവരക്കേടിൽ ഭിന്നിപ്പുണ്ടാകുന്നത് ഭയക്കുകയും അതിൽ ഐക്യം നിലനിറുത്താൻ ശ്രമിക്കുകയും ചെയ്യുന്നതാണ് അതിനേക്കാൾ വലിയ വിവരക്കേട്.

*6. ഉദയവ്യത്യാസം പരിഗണിക്കണമെന്നു ഭൂരിപക്ഷം പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നില്ലേ?*

ഇല്ല. ഇബ്നു മുൻദിർ (റ) പറയുന്നു: ഭൂരിപക്ഷം കർമ്മശാസ്ത്ര പണ്ഡിതന്മാർ പറഞ്ഞു : ഒരു നാട്ടുകാർ മുമ്പേ മാസം കണ്ടതായി സ്ഥിരീകരിച്ചു. പിന്നീട് മറ്റൊരു നാട്ടുകാർക്ക് ആ ജനങ്ങളിൽനിന്നു വിവരം കിട്ടി. എന്നാൽ അവർ ആദ്യത്തെ നോമ്പ് നോറ്റു വീട്ടേണ്ടതാണ്. ഇപ്രകാരമാണു ഇമാം മാലിക്, ഇമാം ശാഫിഈ, ഇമാം അഹ്മദ്, ഇമാം അബൂഹനീഫ തുടങ്ങിയവരുടെ അഭിപ്രായം.

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ എഴുതുന്നു : മാസത്തിന്റെ ഉദയത്തെക്കുറിച്ചു വിവരം ലഭിക്കുകയെന്നതാണ് ഇവിടെ അടിസ്ഥാന തത്വം. അത് കണ്ടാൽ നിങ്ങൾ നോമ്പനുഷ്ഠിക്കുക എന്ന പ്രവാചകൻ (സ)യുടെ നിർദ്ദേശപ്രകാരം മാസം കണ്ടുവെന്ന



വിവരം ആർക്കെങ്കിലും ലഭിച്ചാൽ ദൂരപരിധിയില്ലാതെ അവനും അത് ബാധകമാകുന്നു. (മജ്മൂഅ് ഫതാവാ, വാള്യം 25 പേജ് 107)

ഉസ്താദ് സയ്യിദ് സാബിഖ് എഴുതുന്നു :

ചന്ദ്രന്റെ ഉദയവ്യത്യാസത്തിന് യാതൊരു പരിഗണനയും ഇല്ലെന്നാണ് ഭൂരിപക്ഷ പണ്ഡിതന്മാർ പറയുന്നത്. അതിനാൽ ഏതെങ്കിലും നാട്ടുകാർ മാസം കണ്ടാൽ എല്ലാ നാട്ടുകാർക്കും അതു നിർബന്ധമായി. നിങ്ങൾ മാസം കണ്ടാൽ നോമ്പനുഷ്ഠിക്കുകയും മുറിക്കുകയും ചെയ്യുവിൻ എന്ന നബി(സ)യുടെ വചനം സമുദായത്തോടു പൊതുവായ നിർദ്ദേശമാണ്. അതിനാൽ ഏതു സ്ഥലത്തു കണ്ടാലും അത് എല്ലാവർക്കുമുള്ള തീരുമാനമാണ്.

*7. മാസപിറവി കണക്കുകൊണ്ട് സ്ഥിരപ്പെടുത്താൻ പാടില്ലെന്ന് ഭൂരിപക്ഷം പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നില്ലേ?*

"നിശ്ചയം കണക്ക് മൊത്തം കണക്കും സങ്കല്പവുമാണ്. ഇതുമുഖേന ഖണ്ഡിതമോ മികച്ച ഊഹമോ ലഭിക്കുകയില്ല." (ഫത്ഹുൽബാരി വാള്യം : 4, പേജ് : 127)

ഈ കാരണം തന്നെയാണ് കാഴ്ചയെ അവലംബമാക്കണമെന്നു പറയുന്നവരിൽ ഭൂരിപക്ഷവും പറയുന്നത്. കണക്ക് ഇസ്‌ലാമിക ശരീഅത്തിന് എതിരാണെന്നും ചിലർ പറയുന്നു. മറ്റൊരു കാരണം അവർ പറയുന്നത്; നോമ്പും മറ്റും കാഴ്ചയെ അവലംബമാക്കിയത് സമൂഹത്തിൽനിന്ന് പ്രയാസത്തെ നീക്കുവാൻ വേണ്ടിയാണ്. (ഫത്ഹുൽ ബാരി)

പൂർവ്വിക പണ്ഡിതന്മാർ ഉന്നയിച്ച കാരണങ്ങൾ ഒന്നുംതന്നെ ഇന്ന് നിലവിലില്ല. ശാസ്ത്രീയമായി കണക്കു പുരോഗതി പ്രാപിക്കാത്ത കാലഘട്ടത്തിൽ കണക്കിനെക്കുറിച്ചു പറഞ്ഞവരല്ല, ഇന്നും ഇപ്രകാരം പറയുന്നവരാണ് ആക്ഷേപാർഹർ. ഇന്ന് കണക്ക് ഖണ്ഡിതമാണ്. കണക്ക് ഇസ്‌ലാമിക ശരീഅത്തിനെതിരല്ലാത്തതുകൊണ്ടാണ് നമസ്ക്കരിക്കാനും നോമ്പുമുറിക്കാനും മുൻകാല പണ്ഡിതന്മാർ സ്വീകരിച്ച മാർഗ്ഗമുപേക്ഷിച്ച് നാം കണക്കവലംബിക്കുന്നത്. ഇന്ന് കാഴ്ചയവലംബിക്കുന്നതാണ് സമൂഹത്തിന് ബുദ്ധി

മുട്ടും പ്രശ്നങ്ങളുമുണ്ടാക്കുന്നത്.

ഭൂരിപക്ഷം, ശരിയുടെ മാനദണ്ഡമാകുന്നത് ജനാധിപത്യത്തിലാണ്. അത് ജനാധിപത്യത്തിന്റെ പോരായ്മയാണ്. ഇസ്‌ലാം ജനാധിപത്യമല്ലാത്തതുകൊണ്ട് സത്യം ശരിയാകുന്നതിന് ഭൂരിപക്ഷത്തിന്റെ അംഗീകാരം അവശ്യഘടകമല്ല.

"തന്റെ വാഗ്ദാനം അല്ലാഹു ലംഘിക്കാറില്ല. പക്ഷെ ഭൂരിപക്ഷം ആളുകൾക്കും വിവരമില്ല." (30:6)

"തീർച്ചയായും അധികപേരും ഒരു വിവരവുമില്ലാതെ തന്നിഷ്ട പ്രകാരം ആളുകളെ പിഴപ്പിക്കുകയാണ്. നിശ്ചയം നിന്റെ നാഥനാണ് അതിക്രമകാരികളെ ഏറ്റവും നന്നായി അറിയുന്നത്." (6:20)

"ഭൂമിയിലുള്ളവരിൽ ഭൂരിപക്ഷത്തെ നീ അനുസരിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്ന് നിന്നെയവർ പിഴപ്പിക്കും." (6:17)

ഇസ്‌ലാം ജനാധിപത്യമല്ലെന്നു മനസ്സിലാക്കുന്നതിനുപകരം ജനാധിപത്യ ഇസ്‌ലാം സ്വീകരിക്കുകയും ഭൂരിപക്ഷമുണ്ടെങ്കിൽ മാത്രം സത്യം സത്യമായംഗീകരിക്കുകയും ചെയ്യുന്ന സമീപനം ജനാധിപത്യപരമാണെങ്കിലും ഇസ്‌ലാമിക വിരുദ്ധമാണ്.

*8. പ്രവാചകനും സ്വഹാബത്തും ചെയ്തത് തെറ്റാണോ?*

ഇബ്നു അബി ഔഫ (റ) പറയുന്നു : ചക്രവാളത്തിലേക്കു കൈചൂണ്ടികൊണ്ട് പ്രവാചകൻ (സ) പറഞ്ഞു : "ഇവിടെനിന്ന് രാവ് ആരംഭിക്കുന്നത് കണ്ടാൽ നോമ്പുകാരന് നോമ്പു മുറിക്കാം." (ബുഖാരി)

അബൂബക്കർ (റ)ന്റെ മകൾ അസ്മാഅ് (റ) പറയുന്നു : പ്രവാചകൻ (സ)യുടെ കാലത്ത് മേഘം മൂടിയ ഒരു ദിവസം ഞങ്ങൾ നോമ്പ് മുറിച്ചു. അതിനുശേഷം സൂര്യൻ പ്രത്യക്ഷപ്പെട്ടു. (ബുഖാരി)

നോമ്പുമുറിക്കാൻ പ്രവാചകൻ (സ) നിർദ്ദേശിച്ചതും സ്വഹാബത്ത് കാണിച്ചുതന്നതുമായ മാർഗ്ഗം ഉപേക്ഷിച്ച് കണക്കവലംബിക്കുകയും നോമ്പ് തുടങ്ങാൻ കണക്ക് സ്വീകരിച്ചാൽ തെറ്റുപറ്റുമെന്നു പറയുകയും ചെയ്യുന്ന വൈരുദ്ധ്യാധിഷ്ഠിത ഇസ്‌ലാമിക വാദമാണ് തെറ്റ്.



പ്രവാചകൻ (സ)യുടെ കാലത്ത് മേഘം മൂടിയ ദിവസം നോമ്പ് മുറിച്ചത് സൂര്യൻ അസ്തമിക്കുന്നതിനുമുമ്പാണ്. സൂര്യൻ അസ്തമിച്ചിട്ടില്ലെന്ന് അറിഞ്ഞുകൊണ്ടല്ല ഇതു ചെയ്തത്. അതുകൊണ്ട് അവർ കുറ്റക്കാരല്ല.

"ഒരാൾക്കും കഴിവിന്നപ്പുറം ബാധ്യതയില്ല." (2:286)

നാം അങ്ങനെ ചെയ്താൽ തെറ്റാകും. അതുകൊണ്ടാണ് മേഘം മൂടിയാലും കണക്കനുസരിച്ച് സമയമാകാൻ നാം നോക്കി നില്ക്കുന്നത്. ഇതേ സംഗതി നോമ്പുതുടങ്ങുമ്പോഴും ബാധകമാണ്. പിറവിയുണ്ടെന്ന് അറിഞ്ഞുകൊണ്ട് പ്രവാചകനും സ്വഹാബത്തും പിറവി നോക്കി നിന്നിട്ടില്ല. അതുകൊണ്ട് അവർ ചെയ്തത് തെറ്റല്ല. നോമ്പുമുറിക്കാൻ കാഴ്ചയ്ക്കു വിരുദ്ധമായി കണക്കു സ്വീകരിക്കുന്നതുതന്നെ നോമ്പു തുടങ്ങാൻ കണക്കിനു വിരുദ്ധമായി കാഴ്ച സ്വീകരിക്കുന്നതിലെ തെറ്റ് ചൂണ്ടിക്കാട്ടുന്നു.

*9. നബി(സ)യുടെ കാലത്തെ മാർഗ്ഗം ഒരാൾ മാസപിറവിയുടെ കാര്യത്തിൽ സ്വീകരിച്ചാൽ അയാൾ കുറ്റക്കാരനാകുമോ?*

മറ്റു വിഷയങ്ങളിൽ നാം നബി (സ)യെ പിൻപറ്റുന്നത് എങ്ങനെയെന്നു നോക്കുക. നോമ്പുതുറക്കാൻ നബി (സ) നിർദ്ദേശിച്ചത്.

إذا رايتم اليل اقبل من هـهنا فقد افطر الصا ئم (البخاري

(ഇവിടെനിന്ന് രാവ് ആരംഭിക്കുന്നതു കണ്ടാൽ നോമ്പുകാരന് നോമ്പു മുറിക്കാം)

മേഘം മൂലം ഇരുട്ടുമൂടിയാൽ സൂര്യൻ അസ്തമിച്ചിട്ടില്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെ നോമ്പുതുറക്കുന്നതു തെറ്റായതുകൊണ്ടാണ് നാം കണക്കവലംബിക്കുന്നത്. ഇവിടെ നാം നഗ്നനേത്രം കൊണ്ടുള്ള കാഴ്ച തെറ്റാൻ സാധ്യതയുള്ളതാണെന്നും കണക്ക് തെറ്റാൻ സാധ്യതയില്ലാത്തതാണെന്നും സമ്മതിക്കുകയാണ്. സൂര്യൻ അസ്തമിച്ചിട്ടില്ലെന്ന് അറിഞ്ഞുകൊണ്ടല്ല മേഘാവൃതമായ ദിവസം സ്വഹാബത്ത് നോമ്പ് തുറന്നത്. ഒട്ടകസംഘം വന്ന് പിറവി അറിയിക്കുമ്പോൾ, പിടിച്ച നോമ്പ് ഒഴിവാക്കാൻ പ്രവാചകൻ (സ) സ്വഹാബത്തിന് നിർദ്ദേശം നൽകുന്നു. പിറവിയുണ്ടെന്ന് നേരത്തെ

അറിഞ്ഞിരുന്നെങ്കിൽ അന്ന് നോമ്പെടുക്കുകയില്ലായിരുന്നു എന്നു തന്നെയാണ് ഇതിൽനിന്നു മനസ്സിലാക്കേണ്ടത്. 29ന് മാസപിറവിയുണ്ടെന്ന് അറിഞ്ഞുകൊണ്ടുതന്നെ 30 പൂർത്തിയാക്കുമ്പോൾ, അത് പ്രവാചകൻ (സ)യുടെ നിർദ്ദേശത്തിന്റെ കുഴപ്പമല്ലെന്നതിന് നമ്മുടെ സമീപന വൈരുദ്ധ്യം സാക്ഷിയാണ്.

ഇബ്നു ഉമർ (റ) പ്രസ്താവിച്ചതായി ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഹദീസ്

فرض رسول الله صلي الله عليه وسلم زكاة الفطر
من رمضان صاعا من تمر اوصاعا من شعير

(റമദാനിലെ നോമ്പവസാനിക്കുന്ന സക്കാത്തായി ഒരു സ്വാഅ് കാരക്കയോ ഒരു സ്വാഅ് ബാർലിയോ നൽകണമെന്ന് അല്ലാഹുവിന്റെ റസൂൽ (സ) നിർബന്ധമാക്കിയിരിക്കുന്നു.)

പ്രവാചകൻ (സ) നിർബന്ധമാക്കിയ കാരക്കയും ബാർലിയും ഒഴിവാക്കിക്കൊണ്ടാണ് നാം അരി ഫിത്വ്ർ സകാത്തായി കൊടുത്തുകൊണ്ടിരിക്കുന്നത്. പ്രവാചകൻ (സ)യും സ്വഹാബത്തും വിമാനം കണ്ടുപിടിക്കാത്തതുകൊണ്ട് വിമാനത്തിലുള്ള നമ്മുടെ ഹജ്ജ് യാത്രയ്ക്ക് ഒരു പ്രശ്നവുമില്ല. ഇവിടെയെല്ലാം പ്രവാചക നിർദ്ദേശങ്ങളുടെ സത്തയ്ക്ക് പ്രാമുഖ്യം നൽകാം. മാസപിറവിയുടെ വിഷയത്തിൽ അതുപറ്റില്ല എന്ന വാദം വിവരക്കേടുകൊണ്ടല്ലെങ്കിൽ ധിക്കാരമാണ്.

വിമാനത്തിനുമാത്രം ഹജ്ജിനുപോകാൻ കഴിയുന്ന ഒരാൾക്ക് ഈ കാലഘട്ടത്തിൽ ഹജ്ജ് നിർബന്ധമാണ്. പ്രവാചകന്റെ കാലത്ത് വിമാനമില്ലാത്തതുകൊണ്ട് അങ്ങനെയൊരു നിർബന്ധവുമുണ്ടായിരുന്നില്ല.

പ്രവാചകന്റെ കാലത്ത് മേഘാവൃതമായ ദിവസം സൂര്യനസ്തമിച്ചുവെന്നു കരുതി നോമ്പുതുറന്നിട്ടുണ്ട്. അതു തെറ്റായിരുന്നില്ല. ഇന്ന് മേഘാവൃതമായ ദിവസം സൂര്യനസ്തമിക്കുന്നതിനുമുമ്പ് നോമ്പു തുറക്കുന്നതു തെറ്റാണ്. കാരണം സൂര്യനസ്തമിക്കുന്നതിന്റെ കണക്ക് നമുക്കറിയാം. സൂര്യനസ്തമിക്കുന്ന സമയത്ത് നഗ്നനേത്രം കൊണ്ടുള്ള കാഴ്ച തെറ്റാൻ സാധ്യതയുള്ളതും കണക്കു



കൊണ്ടുള്ള കാഴ്ച തെറ്റാൻ **സാധ്യതയില്ലാത്തതുമാണ്** !

നമ്മുടെ പ്രധാന ഭക്ഷണം **അരിയായതുകൊണ്ട്**, പ്രവാചകൻ നിർബന്ധമാക്കിയ കാരക്കയും **ബാർലിയും ഫിത്വ്ർ** സക്കാത്തായി കൊടുത്ത് പ്രവാചകന്റെ ഉദ്ദേശ്യത്തെ ധിക്കരിക്കുകയല്ല; മറിച്ച് ഫിത്വ്ർ സക്കാത്തിലൂടെ പ്രവാചകൻ ഉദ്ദേശിച്ചത് നിറവേറ്റാൻവേണ്ടി അരി കൊടുക്കുകയാണ് പ്രവാചകനെ അനുസരിക്കുന്നതിനുള്ള യഥാർത്ഥ രീതിയെന്നും നമുക്കറിയാം.

അബൂ അയ്യൂബ് (റ) വിൽനിന്ന് നിവേദനം; നബി (സ) അരുളി: നിങ്ങളിൽ വല്ലവനും മലമൂത്ര വിസർജ്ജന സ്ഥലത്തുചെന്നാൽ ഖിബ്‌ലയ്ക്ക് അഭിമുഖമായിട്ടോ പുറംതിരിഞ്ഞോ ഇരിക്കരുത്. *നിങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിഞ്ഞിരിക്കുക.* (شرّقوا او غرّبوا) (ബുഖാരി, മുസ്‌ലിം)

പ്രവാചകനെ അനുസരിക്കാൻവേണ്ടി ആരെങ്കിലും കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിഞ്ഞു കഅ്ബയ്ക്കു നേരെയിരിക്കുന്നുവെങ്കിൽ അത് അയാളുടെ മാത്രം കുഴപ്പമാണ്. മദീനക്കാരോട് പ്രവാചകൻ (സ) ഇത് പറയുമ്പോൾ കഅ്ബയ്ക്കു നേരെയോ പുറംതിരിഞ്ഞോ ആകാതിരിക്കാൻ വേണ്ടിയാണ് പടിഞ്ഞാറോട്ടോ കിഴക്കോട്ടോ തിരിയാൻ പറയുന്നത്. ഇങ്ങനെ കാര്യവും കാരണവും നാം തിരിച്ചറിയുന്നതുകൊണ്ടാണ് കഅ്ബയ്ക്കഭിമുഖമായോ പിന്തിരിഞ്ഞോ വരാതിരിക്കാൻവേണ്ടി പ്രവാചക നിർദ്ദേശം ലംഘിച്ചുകൊണ്ടുതന്നെ നാം കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിഞ്ഞിരിക്കാത്തത്.

നോമ്പ് തുറക്കാൻ നേരത്ത് കണക്ക് തെറ്റാൻ സാധ്യതയില്ലാത്തതും കാഴ്ചയേക്കാൾ സ്വീകാര്യവുമാണ്! നോമ്പുതുടങ്ങാൻ നേരത്ത് നേരെ തിരിച്ചും. ഈ നികൃഷ്ടതയിലെ ഐക്യം നിലനിർത്താൻവേണ്ടി പാടുപെടുന്നത് അതിനേക്കാൾ വലിയ നികൃഷ്ടതയാണ്.

മുമ്പൊരു സമുദായത്തിലൊരു തർക്കമുണ്ടായി. സൂര്യനെക്കൊണ്ടാണോ ചന്ദ്രനെക്കൊണ്ടാണോ കൂടുതലുപയോഗമെന്നതായിരുന്നു പ്രശ്നം. ചന്ദ്രനെക്കൊണ്ടാണ് കൂടുതലുപയോഗം എന്ന നിഗമനത്തിലാണ് അവർ എത്തിച്ചേർന്നത്. കാരണമിതായിരുന്നു:

സൂര്യൻ വരുന്നത് പകലാണ്. പകൽ നമുക്ക് വെളിച്ചത്തിന്റെ ആവശ്യമില്ലല്ലോ? നമുക്ക് വെളിച്ചം വേണ്ടത് രാത്രിയാണ്. ചന്ദ്രൻ വരുന്നത് അപ്പോഴാണ്!

ഇത്തരം നിസ്സാര വിഷയങ്ങളിൽ ശ്രദ്ധിക്കാൻ സമയമില്ലാത്തവർക്ക് രാത്രിയും പകലും ഒരുമിച്ച് വരുന്നതും പ്രശ്നമായിരിക്കില്ല! രാത്രിയെ രാത്രിയെന്നും പകലിനെ പകലെന്നും വിളിക്കുമ്പോൾ ഉണ്ടാകുന്ന ഭിന്നിപ്പാണ് അവർക്കു പ്രശ്നം. വലിയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന അവർ രാത്രിയും പകലും ഒന്നിച്ചു വരുന്നതിലെ ഐക്യം നിലനിർത്താൻ എത്രസമയം ചെലവഴിക്കാനും തയ്യാറാണ്!

പാർട്ടിയുടെ മുൻഗണനാക്രമമനുസരിച്ച് ശിർക്കും, കുഫ്റും, ഹറാമും, ഹലാലും തീരുമാനിക്കുന്നവർക്കും കാര്യത്തിന്റെ ഗൗരവം പിടികിട്ടില്ല. പാർട്ടി തീരുമാനത്തിനു വിരുദ്ധമായ, പടച്ച തമ്പുരാന്റെ നയം നമ്മുടെ നയമാകുന്നതെങ്ങനെ? നമ്മുടെ നയനിലപാടുകൾ നേരത്തേ വ്യക്തമാണല്ലോ? മാത്രമല്ല ഭിന്നിക്കരുതെന്ന് ഖുർആൻ പറഞ്ഞിട്ടുണ്ടല്ലോ! അതുകൊണ്ട് ഖുർആൻ തള്ളിക്കളയുന്നതിലുള്ള ഐക്യം തകരാതെ നോക്കാം!

*10. ശക്കിന്റെ ദിവസം (സംശയ ദിവസം) നോമ്പെടുക്കുന്നതു തെറ്റല്ലേ?*

അബൂമൂസ (റ)ൽ നിന്ന് : അദ്ദേഹം ആയിശ (റ)യോട് മാസപിറവി സംശയിക്കപ്പെടുന്ന ദിവസത്തെക്കുറിച്ച് ചോദിച്ചു. അപ്പോൾ ആഇശ (റ) പറഞ്ഞു. നിശ്ചയം ശഅ്ബാനിൽ ഒരു ദിവസം നോമ്പെടുക്കുന്നതാണ് റമദാനിൽ ഒരു നോമ്പ് ഉപേക്ഷിക്കുന്നതിനേക്കാൾ ഞാൻ ഇഷ്ടപ്പെടുന്നത് (ബൈഹഖി, അഹ്മദ്)

ഇന്ന് ശക്കിന്റെ ദിവസമില്ല. ഉറപ്പുള്ള ദിവസം സംശയമുണ്ടാക്കിക്കൊണ്ടിരിക്കുന്നതും ശക്കിന്റെ ദിവസമായി കണക്കാക്കുന്നതുമാണ് തെറ്റ്.

*11. മേഘാവൃതമായാൽ ശഅ്ബാൻ 30 പൂർത്തിയാക്കണമെന്ന് പ്രവാചകൻ പറഞ്ഞിട്ടില്ലേ?*

ശഅ്ബാൻ 30 പൂർത്തിയാക്കണമെന്നു പറഞ്ഞാൽ



ശഅ്ബാനാണ് 30 പൂർത്തിയാക്കേണ്ടത്. റമദാൻ ഒന്ന് ശഅ്ബാൻ 30 ആക്കണമെന്ന് ഇതിനർത്ഥമില്ല.

29 ദിവസങ്ങളുള്ള മാസം 29 ആകുമ്പോൾ പൂർത്തിയാകും. 30 ഉള്ള ശഅ്ബാനാണു 30 പൂർത്തിയാക്കേണ്ടത്. ശഅ്ബാൻ 30 പൂർത്തിയാക്കണമെന്ന് പറയുമ്പോൾ, പൂർത്തിയാക്കുന്നത് ശഅ്ബാൻ 30 തന്നെയായിരിക്കണം. റമദാനിൽനിന്ന് ഒരു ദിവസമെടുത്ത് ശഅ്ബാന് കൊടുക്കുകയല്ല വേണ്ടത്.

റമദാൻ ഒന്ന് ആണെന്നറിയാതെ അത് ശഅ്ബാൻ 30 ആയി കണക്കാക്കിയത് നമുക്ക് മാതൃകയാണെങ്കിൽ എന്തുകൊണ്ട് നോമ്പുമുറിക്കാൻ നേരത്ത് ഈ മാതൃക അസ്വീകാര്യമാകുന്നു.

അബൂബക്കർ (റ)ന്റെ മകൾ അസ്മാഇ് (റ) പറയുന്നു: പ്രവാചകൻ (സ)യുടെ കാലത്ത് മേഘം മൂടിയ ഒരു ദിവസം ഞങ്ങൾ നോമ്പു മുറിച്ചു. അതിനുശേഷം സൂര്യൻ പ്രത്യക്ഷപ്പെട്ടു. (ബുഖാരി)

നോമ്പു മുറിക്കുന്ന സമയത്ത് നമുക്കില്ലാത്ത ഇളവ് നോമ്പ് തുടങ്ങുന്ന സമയത്ത് എവിടെനിന്നു കിട്ടി?

സൂര്യൻ അസ്തമിച്ചിട്ടില്ലെന്ന് അറിഞ്ഞുകൊണ്ടല്ല മേഘാവൃതമായപ്പോൾ അവർ നോമ്പു മുറിച്ചത്. അതുപോലെ മേഘാവൃതമായ ദിവസം പിറവിയുണ്ടെന്ന് അറിഞ്ഞുകൊണ്ടല്ല അവർ 30 പൂർത്തിയാക്കിയത്. ഹദീസ് റിപ്പോർട്ട് ചെയ്ത ഇബ്നു ഉമർ (റ) 29നു മേഘാവൃതമായാൽ സാദ്ധ്യത പരിഗണിച്ച് നോമ്പെടുക്കുകയാണു ചെയ്തത്. പിറവിയുണ്ടെന്ന സത്യം അറിഞ്ഞുകൊണ്ട്, മേഘാവൃതമാകുമ്പോൾ നോമ്പെടുക്കാതിരിക്കുന്നത് തെറ്റാണെന്ന്, നോമ്പു മുറിക്കാൻ കണക്കവലംബിക്കുന്ന നമുക്ക് മനസ്സിലാകും.

*12. നിസ്സാര വിഷയത്തിന്റെ പേരിൽ കലഹിക്കുന്നത് ശരിയാണോ?*

തീയതിയെന്നതു ദിവസത്തിന്റെ എണ്ണമായതുകൊണ്ട് ദിവസം മാറാതെ തീയതി മാറ്റുമ്പോഴും ദിവസം മാറിയാലും തീയതി മാറ്റാതിരിക്കുമ്പോഴും ദിവസത്തിന്റെ പവിത്രത ലംഘിക്കപ്പെടുന്നു. അറബികൾ യുദ്ധം നിഷിദ്ധമായ മാസങ്ങൾ നീട്ടിവച്ചിരുന്നു. അതിലൂടെ ഹലാൽ ഹറാമും ഹറാം ഹലാലുമായി. ഇത് കുഫ്റിലുള്ള

വർധനയാണെന്നു ഖുർആൻ പറയുന്നു. ദിവസത്തിന്റെ പവിത്രത ലംഘിക്കുന്നത് (നസീഅ്) കുഫ്റാണ്. കുഫ്ർ നിസ്സാരമല്ല.

പവിത്രമാസത്തിൽ മാറ്റം വരുത്തൽ (നസീഅ്) നിഷേധത്തിലുള്ള (കുഫ്ർ) വർധന മാത്രമാണ്. നിഷേധികൾ അതിലൂടെ കൂടുതൽ വഴിതെറ്റിക്കപ്പെടുന്നു. അല്ലാഹു പവിത്രമാക്കിയവയുടെ എണ്ണമൊപ്പിക്കാൻ ഒരു കൊല്ലം അതവർ അനുവദനീയമാക്കുകയും ഒരു കൊല്ലം നിഷിദ്ധമാക്കുകയും ചെയ്യുന്നു. അതുവഴി അല്ലാഹു നിരോധിച്ചതിനെ അവർ അനുവദനീയമാക്കുന്നു. സ്വന്തം അപകൃത്യങ്ങളെ അവർ സ്വയം അലങ്കാരമാക്കിയിരിക്കുന്നു. നിഷേധികളായ ജനതയ്ക്കു അല്ലാഹു നേർവഴി കാട്ടിക്കൊടുക്കില്ല. (9:37)

*13. ഐക്യത്തിനുവേണ്ടി വിട്ടുവീഴ്ചയായിക്കൂടെ?*

"നന്മയിലും തഖ്‌വയിലും നിങ്ങൾ പരസ്പരം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ പരസ്പരം സഹായിക്കരുത്." (5:3)

തീയതിയെന്നത് ദിവസത്തിന്റെ എണ്ണമായതുകൊണ്ട് ദിവസം പരിഗണിക്കാതെ തീയതി കണക്കാക്കുമ്പോൾ ദിവസത്തിന്റെയും മാസത്തിന്റെയും പവിത്രത മാറുന്നു. ഇതിലൂടെ ഹറാമും ഹലാലും മാറുന്നു. ഇതിനെ കുഫ്ർ എന്നാണ് ഖുർആൻ പറയുന്നത്.

കുഫ്റിലുള്ള ഐക്യം നന്മയോ, തഖ്‌വയോ അല്ല; പാപവും അതിക്രമവുമാണ്.

*14. മുസ്‌ലിങ്ങളുടെ നിലനിൽപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളല്ലേ നാം കൈകാര്യം ചെയ്യേണ്ടത്?*

മുസ്‌ലിങ്ങളുടെ ഇസ്‌ലാമികമായ നിലനിൽപ്പാണ് പരിഗണനീയം. കുഫ്റിലുള്ള നിലനിൽപ്പിന് ഏറ്റവും നല്ലത്, ഇസ്‌ലാം പൂർണ്ണമായി ഒഴിവാക്കി പൂർണ്ണമായി കുഫ്ർ സ്വീകരിക്കലാണ്.

നിലനിൽപ്പിനുവേണ്ടിയാകരുത് ഇസ്‌ലാം സ്വീകരിക്കുന്നത്. നിലനിൽപ്പുതന്നെ ഇസ്‌ലാമികമാകണം. ഇസ്‌ലാമിനേക്കാൾ പ്രാധാന്യം നിലനിൽപ്പിനില്ല. നിലനിൽപ്പിനുവേണ്ടി ഇസ്‌ലാം ഒഴിവാക്കുന്നതിനുപകരം ഇസ്‌ലാമിനുവേണ്ടി നിലനിൽപ്പ് ഒഴിവാക്കാൻ കഴിയണം. മുസ്‌ലിമായതിനുശേഷമേ മുസ്‌ലിങ്ങളുടെ നിലനിൽപ്പ്



വിഷയമാകുന്നുള്ളൂ. ഖുർആനിലുള്ളത് വിശ്വസിക്കേണ്ടത് ഈമാൻ കാര്യവും റമദാനിൽ നോമ്പെടുക്കേണ്ടത് ഇസ്‌ലാം കാര്യവുമാണ്. നിലനിൽപ്പിനുവേണ്ടി ഇസ്‌ലാം സ്വീകരിക്കേണ്ട ആവശ്യമില്ല. ഇസ്‌ലാമികമായി നിലനിൽക്കണമെങ്കിൽ ഇസ്‌ലാം സ്വീകരിക്കേണ്ടത് അനിവാര്യമാണ്.

*15. ദിവസം തുടങ്ങുന്നതെപ്പോൾ?*

حافظوا علي الصلوات والصلاة الوسطي

"നമസ്ക്കാരങ്ങൾ സൂക്ഷിക്കുക; മധ്യ നമസ്ക്കാരവും." (2:38)

عن عبد الله قال: حبس المشركون رسول الله
صلي الله عليه و سلم
عن صلاةالعصر، حتي احمرت الشمس اواصفرت،
فقال رسول الله صلي الله عليه و سلم "شغلو ناعن
الصلاةالوسطي صلاةالعصر، ملاالله
اجوافهم وقبورهم نارا"

അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) പറയുന്നു : റസൂൽ (സ)യെ മുശ്‌രിക്കുകൾ അസ്വ്ർ നമസ്ക്കാരത്തിൽനിന്നു തടഞ്ഞു നിർത്തി. അങ്ങനെ സൂര്യൻ ചെമപ്പു നിറവും മഞ്ഞ നിറവുമായി. അപ്പോൾ റസൂൽ (സ) പറഞ്ഞു:

"മധ്യനമസ്ക്കാരത്തിൽനിന്ന് അഥവാ അസ്വ്ർ നമസ്ക്കാരത്തിൽനിന്ന് അവർ നമ്മുടെ ശ്രദ്ധ തിരിച്ചു. അവരുടെ ഉള്ളിലും ഖബറുകളിലും അല്ലാഹു തീ നിറയ്ക്കട്ടെ." (മുസ്‌ലിം)

അഞ്ചു നമസ്ക്കാരങ്ങളുടെ മധ്യത്തിൽ അസ്വ്ർ വരണമെങ്കിൽ ഇശാ, സുബ്ഹ് എന്നിവയ്ക്കിടയിൽ ദിവസം തുടങ്ങണം.

*16. ഒരു സ്ഥലത്തെ പിറവി മറ്റൊരു സ്ഥലത്ത് ബാധകമല്ലെന്നതിന് കുറൈബിന്റെ സംഭവം വ്യക്തമായ തെളിവല്ലേ? സിറിയ (ശാം)യിലെ പിറവി കുറൈബ് അറിയിച്ചപ്പോൾ ഇബ്നു അബ്ബാസ്(റ) അംഗീകരിക്കാതിരുന്നത് എന്തുകൊണ്ട്?*

ഉദയവ്യത്യാസം പരിഗണിക്കാതിരുന്ന പ്രവാചകൻ (സ)യുടെ നടപടി ഇബ്നു അബ്ബാസ് (റ) അറിയാതെ പോകാൻ വഴിയില്ല. കുറൈബിനു തന്നെയും ശാമിലെ പിറവിയുടെ കാര്യത്തിൽ

ബോദ്ധ്യമുണ്ടായിരുന്നില്ലെന്നതിനു തെളിവാണ് അദ്ദേഹം 31-ാം ദിവസം നോമ്പെടുത്തത്. ബോദ്ധ്യമില്ലാത്ത നിലപാടിൽനിന്ന് പിന്മാറിയതിന് അദ്ദേഹം കുറ്റക്കാരനല്ല. ഉറപ്പില്ലാത്ത സംഗതി പിന്തുടരാതിരുന്നതുകൊണ്ട് ഇബ്നു അബ്ബാസും (റ) ആക്ഷേപാർഹനല്ല. ഖുർആനും ഹദീസും വസ്തുതകളും പരിശോധിക്കാൻ തയ്യാറാകാതെ, കാര്യം മനസ്സിലായാലും സത്യം പിന്തുടരാതെ, ആർക്കെങ്കിലും തെറ്റുപറ്റിയാൽ അതാണ് പിന്തുടരേണ്ടതെന്നവിധത്തിൽ അസംബന്ധം കാട്ടുന്നവരാണ് കുറ്റക്കാർ.

അബൂ ഉമൈറിൽനിന്ന്: ഒരൊട്ടക സംഘം നബി (സ)യുടെ അടുത്ത് വന്നിട്ട്, ഇന്നലെ ഞങ്ങൾ നവചന്ദ്രനെ കണ്ടുവെന്നു പറഞ്ഞു. അപ്പോൾ നോമ്പുമുറിക്കാൻ നബി (സ) ജനങ്ങളോടു കൽപ്പിച്ചു. അടുത്തദിവസം പ്രഭാതത്തിൽ നമസ്ക്കാരസ്ഥലത്തേക്ക് പുറപ്പെടാനും (അഹ്മദ്, അബൂദാവൂദ്, ഇബ്നുമാജ, അന്നസാഈ) ഇബ്നുമാജയുടെ നിവേദനത്തിൽ, "പകലിന്റെ അവസാനത്തിലാണ് ഒട്ടകസംഘം വന്നത്" എന്നും പറയുന്നു. ഈ യാത്രാസംഘം എത്ര ദൂരെനിന്നു വരുന്നുവെന്നു അന്വേഷിക്കുകയോ ഉദയവ്യത്യാസം പരിഗണിക്കുകയോ ചെയ്യാതെയാണ് പ്രവാചകൻ (സ) നോമ്പുമുറിക്കാൻ കല്പിച്ചത്.

ഇമാം ശൈഖ് മുഹമ്മദുബ്നു ഇസ്മാഈൽ പറയുന്നു:

لا يعتد برؤية الهلال وهو با لشام بل يوافق أهل المدينة فيصوم الحادي والثلاثين باعتبار رؤية الشام لأنه يوم الثلاثين عند أهل المد ينة (سبل السلام شرح بلوغ المرام)

(ശാമിലെ പിറവി അംഗീകരിക്കാതെ അദ്ദേഹം മദീനക്കാരോടു യോജിക്കുന്നു. അതുകൊണ്ടു ശാമിലെ പിറവിയനുസരിച്ചുള്ള 31-ാം ദിവസം അദ്ദേഹം നോമ്പെടുക്കുന്നു. മദീനക്കാരുടെ അടുത്ത് 30-ാം ദിവസമായതാണ് ഇതിന് കാരണം. (ബുലൂഗുൽ മറാമിന്റെ ശറഹായ സുബുലുസ്സലാം വാല്യം: 2, പേജ് : 310)

ഖുർആനും ഹദീസും വസ്തുതകളും തള്ളിക്കളഞ്ഞുകൊണ്ട് ഉദയവ്യത്യാസം പരിഗണിക്കാനും ഇസ്ലാം അസത്യമാണെന്നു വരുത്തിത്തീർക്കാനും പാടുപെടുന്നവർക്കുള്ള ഏറ്റവും വലിയ തെളി



വിന്റെ അവസ്ഥയിതാണ്.

*17. ഭിന്നിക്കരുതെന്ന് ഖുർആൻ പറയുന്നില്ലേ? അപ്പോൾ ഭിന്നിപ്പുണ്ടാക്കുന്ന സംഗതികളിൽനിന്ന് മാറി നിൽക്കുകയല്ലേ വേണ്ടത്?*

"അല്ലാഹുവിന്റെ പാശം ഒരുമയോടെ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിച്ചു പോകരുത്." (3:103)

ഒരുമിക്കാൻവേണ്ടി അല്ലാഹുവിന്റെ പാശത്തിന്റെ പിടി വിടുകയല്ല; അല്ലാഹുവിന്റെ പാശം പിടിക്കാൻവേണ്ടി ഒരുമിക്കുകയാണ് വേണ്ടത്.

അതുകൊണ്ട് ഖുർആൻ പിന്തുടരുന്നതിൽനിന്നു പിന്തിരിയുന്നവരാണു ഭിന്നിപ്പുണ്ടാക്കുന്നവർ. ഖുർആൻ തള്ളിക്കളയുന്നതിൽ ഐക്യമുണ്ടാക്കൽ, ഖുർആൻ പിന്തുടരുന്നതിൽ ഭിന്നിപ്പുണ്ടാക്കലാണ്. അല്ലാഹുവുമായി ഭിന്നിക്കാതിരിക്കുന്നതിനുവേണ്ടി സകലരുമായി ഭിന്നിക്കേണ്ടിവന്നാൽപോലും ഭിന്നിക്കണമെന്നതിന് ഖുർആനും പ്രവാചക വചനവും ചരിത്രവും സാക്ഷിയാണ്.

"സത്യവിശ്വാസികളായി താങ്കളെ പിൻപറ്റിക്കൊണ്ടിരിക്കുന്നവർക്കു വിനയത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. ഇനിയവർ താങ്കളെയനുസരിക്കുന്നില്ലെങ്കിൽ നിങ്ങളുടെ ചെയ്തികളിൽനിന്ന് ഞാൻ ഒഴിവാണ് എന്നു പറഞ്ഞേക്കുക. അജയ്യനും കരുണാവാരിധിയുമായ അല്ലാഹുവിൽ അർപ്പിക്കുകയും ചെയ്യുക." (26:215-217)

പ്രവാചകൻ (സ) പറയുന്നു : ഞാൻ ജനതയോടൊപ്പമാണ്; അവർ നന്നായാൽ ഞാൻ നന്നാകും. അവർ ചീത്തയായാൽ ഞാനും ചീത്തയാകും എന്നു പറയുന്ന അവസരവാദിയാവാതിരിക്കുക. മറിച്ച് ജനങ്ങൾ നന്നായാൽ അവരുടെ നന്മയിൽ പങ്കാളിയാകാനും പിഴച്ചാൽ അവരുടെ പിഴവിൽനിന്ന് അകന്നു നിൽക്കാനും സ്വയം സന്നദ്ധനാവുക. (തിർമിദി)

"രണ്ടാം ബദ്ർ യുദ്ധം:

അതൊരു ക്ഷാമകാലമായിരുന്നു. ബദ്റിലെ ഏറ്റുമുട്ടൽ അടുത്ത വർഷത്തേക്കു നീട്ടിവച്ചാൽ കൊള്ളാമെന്നുണ്ടായിരുന്നു അബൂസുഫ്യാന്. എങ്കിലും അദ്ദേഹം നുഐമിനെ മദീനയിലേക്കയച്ചു. മുസ്ലിങ്ങളെ ആക്രമിക്കാൻവേണ്ടി അറബികളിലാർക്കും നേരിടാനാവാത്ത വമ്പിച്ച ഒരു സൈന്യത്തെ ഖുറൈശികൾ ഒരുക്കി നിർത്തിയിട്ടുണ്ടെന്നും മുസ്ലിങ്ങളെ നിശ്ശേഷം ഉന്മൂലനം ചെയ്യുകയാണുദ്ദേശ്യമെന്നും നുഐം മദീനാവാസികളെ അറിയിച്ചു. അപ

കടമൊഴിവാക്കുകയാണു ഉത്തമമെന്നു മുസ്‌ലിങ്ങൾക്കു തോന്നി. ബദ്റിലേക്കു പുറപ്പെടുന്നതു മുസ്‌ലിങ്ങളിൽ അധികപേരും എതിർത്തു. പക്ഷെ ആ നിലപാടു മുഹമ്മദ് (സ)യെ രോഷാകുലനാക്കി. താൻ ഒറ്റക്കാണെങ്കിൽപോലും ബദ്റിലേക്കുപോകുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു." ("മുഹമ്മദ്" - ഹൈക്കൽ പേജ് 351)

വേണ്ട സംഗതി ചെയ്യാനാണ് ഒന്നിക്കേണ്ടതെന്നും അതിന് തടസ്സം നിൽക്കുന്നവരാണ് ഭിന്നിപ്പുണ്ടാക്കുന്നതെന്നും ഒറ്റയ്ക്കാണെങ്കിലും വേണ്ടത് ചെയ്യണമെന്നും പടച്ച തമ്പുരാനെ അനുസരിക്കാൻ, വേണ്ടിവന്നാൽ സകലരുമായി ഭിന്നിക്കണമെന്നും ഇവയിൽനിന്ന് വ്യക്തമാണ്.

*18. ജുമുഅ: നമസ്കാരംപോലെ ദിവസനിർണ്ണിതമായ കർമ്മങ്ങൾ അതേദിവസംതന്നെ ചെയ്യണം; എന്നാൽ നോമ്പും പെരുന്നാളും പോലെ തീയതി നിർണ്ണയിച്ച കർമ്മങ്ങൾ വ്യത്യസ്ത ദിവസങ്ങളിൽ വരില്ലേ ?*

റസൂൽ (സ) പറഞ്ഞതായി അബൂഖതാദ (റ) നിവേദനം ചെയ്യുന്നു : അറഫാദിവസത്തെ നോമ്പ് ( صوم يوم عرفة ) കഴിഞ്ഞതും വരാനിരിക്കുന്നതുമായ രണ്ടു വർഷത്തെ പാപം പൊറുപ്പിക്കും. ആശൂറാഅ് ദിവസത്തെ നോമ്പ് ( صوم يوم عاشوراء) കഴിഞ്ഞ ഒരു വർഷത്തെ പാപം പൊറുപ്പിക്കും. (മുസ്‌ലിം, അഹ്മദ്, അബൂദാവൂദ്, നസാഈ, ഇബ്നുമാജഃ)

അറഫയിൽ അറഫാ ദിവസം നോമ്പനുഷ്ഠിക്കുന്നത് റസൂൽ (സ) വിരോധിച്ചിരിക്കുന്നുവെന്ന് അബൂഹുറൈറ (റ) പ്രസ്താവിക്കുന്നു. (അഹ്മദ്, അബൂദാവൂദ്, നസാഈ ഇബ്നുമാജഃ)

അറഫയിൽ നില്ക്കുന്നവർക്കു നോമ്പ് സുന്നത്തില്ലെന്നും നോമ്പെടുക്കേണ്ടത് ലോക മുസ്‌ലിങ്ങളാണെന്നും ഹദീസുകളിൽ നിന്ന് വ്യക്തമാണ്. അറഫയിൽ നിൽക്കേണ്ടത് ദുൽഹജ്ജ് 9നാണ്. ലോകമുസ്‌ലിങ്ങൾ നോമ്പെടുക്കേണ്ടത് അറഫാ ദിവസവും ( يوم عرفة ) അറഫയിൽ നില്ക്കേണ്ട നിർണ്ണിത തീയതിയാണ് ലോകമുസ്‌ലിങ്ങൾ നോമ്പെടുക്കേണ്ട നിർണ്ണിത ദിവസം. തീയതി ദിവസത്തെയും ദിവസം തീയതിയേയും സൂചിപ്പിക്കുന്നുവെന്ന് ഇതിൽനിന്ന് വ്യക്തമാണ്. ഇസ്‌ലാം യാഥാർത്ഥ്യവുമായി യോജിച്ചുകൊള്ളണമെന്നില്ലെന്ന് വിശ്വസിക്കുന്നവർക്ക് ഇത് മനസ്സിലാകാൻ സമയമെടുത്തേക്കാം.

19. ഉരുണ്ട ഭൂമിയിൽ നോമ്പ് അല്ലെങ്കിൽ പെരുന്നാൾ രണ്ടു ദിവ



സങ്ങളിലായി വരികയെന്നത് **അനിവാര്യതയല്ലേ ?**

ആഴ്ചയിലെ പെരുന്നാളായ **ജുമുഅ: നമസ്കാരം** വെള്ളിയാഴ്ചതന്നെ നിർവ്വഹിക്കുന്നതിന് ഭൂമിയുടെ **ഗോളാകൃതി** ലോക മുസ്‌ലിങ്ങൾക്കു തടസ്സമാകുന്നില്ല. **ഹാജിമാർ അറഫയിൽ**നിൽക്കേണ്ടത് ദുൽഹജ്ജ് 9നാണെന്നതും അറഫാദിവസം നോമ്പെടുക്കേണ്ടത് ലോക മുസ്‌ലിങ്ങളാണെന്നും തീയതിയും ദിവസവും ഒരുമിച്ചുമാറുന്നുവെന്നതിനു തെളിവാണ്. നോമ്പ് അല്ലെങ്കിൽ പെരുന്നാൾ ലോക മുസ്‌ലിങ്ങൾക്ക് ഒരേ ദിവസമാകണമെന്ന യാഥാർത്ഥ്യം അംഗീകരിക്കേണ്ടതിന്റെ അനിവാര്യതയാണ് ഇവിടെ വ്യക്തമാകുന്നത്. ഇസ്‌ലാം സത്യമാണെന്ന് വിശ്വസിക്കുന്നവർക്ക് ഇത് വേഗം മനസ്സിലാകും. ഇസ്‌ലാമിൽ വൈരുദ്ധ്യങ്ങളുണ്ടാകുമെന്ന വിശ്വാസത്തിൽ മൂടുറച്ചുപോയവർക്ക് ഇത് മനസ്സിലാകാൻ, അസത്യത്തോട് അവർ പുലർത്തുന്ന ആഭിമുഖ്യത്തിനനുസൃതമായ സമയം വേണ്ടിവരും. ഇത് അവരുടെ മാത്രം കുഴപ്പമാണ്. ഭൂമിയുടെ ആകൃതിയുടേയും പ്രവാചക നിർദ്ദേശങ്ങളുടേയും കുഴപ്പമല്ലെന്നതിന് ജുമുഅ: നമസ്കാരവും അറഫാനോമ്പും സാക്ഷിയാണ്. ജുമുഅ: നമസ്കാരം ലോകമുസ്‌ലിങ്ങൾക്ക് വെള്ളിയാഴ്ച തന്നെ നിർവ്വഹിക്കാൻ കഴിയുന്നുണ്ടെന്നതും; അറഫാത്ത് (عرفات) എന്ന പ്രത്യേക സ്ഥലത്ത് ദുൽഹജ്ജ് 9ന് ഹാജിമാർ നിൽക്കേണ്ട ദിവസമാണ്, ലോക മുസ്‌ലിങ്ങൾക്ക് അറഫാ ദിവസത്തെ നോമ്പ് സുന്നത്താക്കിയതെന്നതും, തീയതിയും ദിവസവും ഇസ്‌ലാമിൽ യോജിച്ചുവരില്ലെന്നു സ്ഥാപിക്കാൻ ശ്രമിക്കുന്നതിലൂടെ ഇസ്‌ലാം സത്യവിരുദ്ധമാണെന്ന് തെളിയിക്കാൻ കഷ്ടപ്പെടുന്നവരുടെ വാദങ്ങളുടെ മുനയൊടിക്കുന്നു. "സത്യം പുലരും; മിഥ്യ തകരും. മിഥ്യ തകരാനുള്ളതു തന്നെ" (17:81)

*20. ശരിയായ ദിവസം നോമ്പും പെരുന്നാളും ആചരിക്കുന്ന അണികളെ നിരുൽസാഹപ്പെടുത്തുകയും വിലക്കുകയും ചെയ്യുന്ന സംഘടനാ നേതൃത്വങ്ങളുടെ നിലപാട് ശരിയാണോ?*

വിവിധ കാലഘട്ടങ്ങളിൽ, ആവശ്യമെന്ന് തോന്നിയവർ രൂപം കൊടുക്കുകയും പിന്നീട് അനാവശ്യമായി നിലനിന്നുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ് മിക്കവാറും സംഘടനകൾ. സംഘടനാ താൽപര്യത്തിനെതിരും എന്നാൽ മൊത്തം ഇസ്‌ലാമിക സമൂഹത്തിന്റെ താൽപര്യത്തിന് അനുഗുണവുമായ ഒരു വിഷയത്തിലും സംഘടനകൾ പൊതുവെ താൽപര്യം കാണിക്കാറില്ല. പഠിക്കു

കയും ചിന്തിക്കുകയും ചെയ്യുന്ന അണികളെക്കാൾ നേതൃത്വത്തെ അന്ധമായി അനുസരിക്കുന്ന അണികളെ വാർത്തെടുക്കുന്നതിൽ സംഘടനകൾ അസൂയാവഹമായ വിജയമാണ് നേടിയിരിക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിലാണ് ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തേണ്ടത്.

ജൂതരും ക്രിസ്ത്യാനികളും വഴികേടിലാകാൻ കാരണമായി ഖുർആൻ പഠിപ്പിക്കുന്ന (9:31) പ്രധാന വസ്തുത അവർ പണ്ഡിത പുരോഹിതന്മാരെ അല്ലാഹുവിനെ കൂടാതെ റബ്ബുകളാക്കി വരിച്ചു എന്നതാണ്. ഇതിന്റെ വിശദീകരണം ആരാഞ്ഞ അദിയ്യിബ്നു ഹാത്തിമിനോട്* നബി(സ) പറഞ്ഞത് "പണ്ഡിത പുരോഹിതന്മാർ ഹറാമാക്കുന്നത് ഹറാമായും, ഹലാലാക്കുന്നത് ഹലാലായും നിങ്ങൾ അംഗീകരിക്കാറില്ലേ ? അത് തന്നെയാണ് അവരെ റബ്ബാക്കലും അവർക്ക് ഇബാദത്ത് ചെയ്യലും."

നിലവിൽ സംഘടനാ നേതൃത്വങ്ങളും ഖാദിമാരുമാണ്, അണികൾക്ക് ഹലാലും ഹറാമും നിശ്ചയിച്ചു കൊടുക്കുന്നത്. റമദാൻ ഒന്നിന് നോമ്പനുഷ്ഠിക്കാനും, ശവ്വാൽ ഒന്നിനും ദുൽഹജ്ജ് പത്തിനും പെരുന്നാൾ ആചരിക്കാനും, അറഫാ ദിവസം അറഫാ നോമ്പനുഷ്ഠിക്കാനും സംഘടനാ നേതൃത്വങ്ങളുടെയും ഖാദിമാരുടെയും അനുമതിക്കും തിട്ടൂരങ്ങൾക്കും കാത്ത് നിൽക്കുമ്പോൾ യഥാർത്ഥത്തിൽ അല്ലാഹുവിന്റെ സ്ഥാനത്ത് അവരെ റബ്ബാക്കുകയാണ് അണികൾ ചെയ്യുന്നത്. ദിവസങ്ങളുടെ പവിത്രത മാനിക്കാൻ ആഗ്രഹിക്കുന്ന അണികളെ തടയുന്ന സംഘടനാ നേതൃത്വങ്ങൾ സ്വയം റബ്ബുകളായി ചമയുകയാണ്. ഇത് നിസ്സാര വിഷയമല്ല.

നേതാക്കളാൽ വഴിപിഴപ്പിക്കപ്പെട്ട അണികൾ നാളെ വിചാരണ നാളിൽ കേഴുന്നത് ഖുർആൻ വ്യക്തമാക്കുന്നത് ഇങ്ങനെ; "നാഥാ! ഞങ്ങൾ ഞങ്ങളുടെ നേതാക്കളെയും പ്രമാണിമാരെയും അനുസരിച്ചു. അവർ ഞങ്ങളെ നേർമാർഗ്ഗത്തിൽനിന്ന് പിഴപ്പിച്ചുകളഞ്ഞു. ഞങ്ങളുടെ നാഥാ അവർക്ക് രണ്ടിരട്ടി ശിക്ഷ നൽകേണമേ! അവരെ നീ രൂക്ഷമായി ശപിക്കുകയും ചെയ്യേണമേ." (33: 67-68)

---

* ക്രിസ്ത്യാനിയായിരുന്ന അദിയ്യ്ബ്നുഹാത്തിമിന്റെ ഇസ്ലാം സ്വീകരണവേളയിൽ അദ്ദേഹം ഉന്നയിച്ച സംശയങ്ങൾക്ക് നബി (സ) മറുപടി പറയുന്നതാണ് സന്ദർഭം.